# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3401

29.01.2014-ൽ മറുപടിയ്ക്ക്

### ഗ്രാമപഞ്ചായത്തുകളുടെ ശാക്തീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം.എ.വാഹിദ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.ജോസഫ് വാഴക്കൻ | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| എ) | ഗ്രാമപഞ്ചായത്തുകൾ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | എ) & ബി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളെ സ്വയം ഭരണാധികാരമുള്ള തദ്ദേശ സർക്കാരുകളാക്കി വികസിപ്പിക്കുന്നതിനായി കാലാകാലങ്ങളിൽ നിരവധി കർമ്മപദ്ധതികൾ സ്വീകരിച്ചുവരുന്നു. അവയിൽ ചിലത് താഴെ പറയുന്നു.<br><br>1. പഞ്ചായത്തുകളുടെ വ്യവസ്ഥാപിതമായ പദ്ധതിരൂപീകരണത്തിന് സഹായിക്കാനുതകുംവിധം പഞ്ചവത്സരപദ്ധതി ആരംഭിക്കുകയും വ്യക്തമായ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തു.<br><br>2. പഞ്ചായത്തുകളിലെ പദ്ധതി മോണിറ്ററിംഗ്, വെറ്റിംഗ് തുടങ്ങിയവ സുതാര്യമാക്കി.<br><br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേർണൻസ് ഫലപ്രദമായി നടപ്പിലാക്കി.<br><br>4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടർവത്കരിക്കുകയും ഇ-മെയിൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.<br><br>5. Accrual Based Double Entry System എന്ന പുതിയ അക്കൌണ്ടിംഗ് സംവിധാനം ഏർപ്പെടുത്തി. |
| ബി) | എന്തെല്ലാം അടിസ്ഥാന സൌകര്യങ്ങളാണ് പദ്ധതിപ്രകാരം ഒരുക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം; | | |

6.സേവനവകാശ നിയമം നടപ്പിലാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു.

7. കൃത്യവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പു വരുത്തുന്നതിനായി നഗരസഭകൾക്ക് പുറമേ ത്രിതല പഞ്ചായത്തുകളിലും Electronic Voting Machine ഉപയോഗിക്കുന്നതിന് വേണ്ട തീരുമാനം കൈക്കൊണ്ടു.

8. ഗ്രാമപഞ്ചായത്തുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി രൂപീകരിച്ച എൻജിനീയറിംഗ് വിഭാഗത്തിന് ആവശ്യമായ തസ്തികകൾ അനുവദിച്ചു.

9. കേന്ദ്രാവിഷ്കരണ പദ്ധതികളുടെ കൃത്യവും ആസൂത്രിതവുമായ നടത്തിപ്പിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

10. പഞ്ചായത്തുകളിൽ ജോലിഭാരം കുറയ്ക്കുവാനായി അധികതസ്തികൾ സൃഷ്ടിക്കുകയും ഉദ്യോഗസ്ഥ പുനർ വിന്യാസം നടത്തുകയും ചെയ്തു.

11.ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധമേഖലകളിൽ പരിശീലനപരിപാടി കൾ നടത്തി.

12.ഗ്രാമസഭ/വാർഡ്സഭ നിയമാനുസൃതമായി വിളിച്ചുചേർക്കുന്നതിനും ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കരുത്താർജിപ്പിക്കുന്നതിന് സഹായകരമാകും വിധമുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചു.

13.ആരോഗ്യശുചിത്വ മേഖലകളിൽ വാർഡ് തല ശുചിത്വസമിതിയും സ്ത്രീകളുടെയും കുട്ടികളുടേയും സംരക്ഷണത്തിനായി ജാഗ്രതാസമിതികളും രൂപീകരിച്ചു.

14. കേരളാ പഞ്ചായത്ത് രാജ് നിയമത്തിൽ കാലോചിതമായ ഭേദഗതികൾ വരുത്തി.

ഇത്തരത്തിലുള്ള വിവിധ കർമ്മ പരിപാടികളിലൂടെ ഗ്രാമപഞ്ചായത്തുകളുടെ ശാക്തീകരണത്തിന് സർക്കാർ ഊന്നൽ നൽകുന്നു.

| | | | |
|---|---|---|---|
| സി) | ഇതിനായി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | സി) | 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ, സ.ഉ. (എംഎസ്) നമ്പർ 206/11/തസ്വഭവ, തീയതി 05.09.2011 പ്രകാരം, ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികകൾ ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) | ഗ്രാമപഞ്ചായത്തുകൾ പൂർണ്ണതോതിൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) | ഗ്രാപഞ്ചായത്തുകളുടെ ശാക്തീകരണത്തിന് ഉതകുന്നതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുമായി സർക്കാർ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ